ഹദീസ്

അബ്ദുർറഹ്മാൻ ചെറുവാടി

# ഈമാൻ രുചിയറിഞ്ഞാസ്വദിക്കുക

عَنِ الْعَبَّاسِ بْنِ عَبْدِ الْمُطَّلِبِ رضي الله عنه : أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : ذَاقَ طَعْمَ الإِيمَانِ مَنْ رَضِيَ بِاللَّهِ رَبًّا وَبِالإِسْلاَمِ دِينًا وَبِمُحَمَّدٍ رَسُولاً (مسلم)

**അബ്ബാസു ബ്നു അബ്ദിൽ മുത്തലിബി(റ)ൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നത് അദ്ദേഹം കേട്ടു: 'അല്ലാഹുവിനെ റബ്ബായും ഇസ്‌ലാമിനെ ദീനായും മുഹമ്മദിനെ ദൂതനായും സംതൃപ്തിയോടെ സ്വീകരിച്ചവൻ ഈമാനിന്റെ രുചി ആസ്വദിച്ചു' (മുസ്‌ലിം).**

വിശ്വാസമാണ് ഒരു മുസ്‌ലിമിന്റെ വിജയപരാജയങ്ങളുടെ അടിത്തറ. രുചി അറിയാൻ ഇന്ദ്രിയങ്ങളെയാണ് മനുഷ്യൻ ആശ്രയിക്കാറ്. എന്നാൽ സന്തോഷദായിയായ സംഗീതം, വേദനയുളവാക്കുന്ന ദുരന്തങ്ങൾ തുടങ്ങിയവ ഏതെങ്കിലും ഒരു പ്രത്യേക ശരീരാവയവം കൊണ്ടാണോ നാം അനുഭവിക്കുന്നത്? അതല്ല നമ്മുടെ ഓരോ തനുവിലും അതിന്റെ അനുരണനം നടക്കാറുണ്ടോ? അതെന്തായാലും വിശ്വാസത്തിന്റെ രുചി ശരീരവും ആത്മാവും അതിന്റെ ഓരോ കണികയിലും നിറച്ചാസ്വദിക്കണം. അതിൽ മനസ്സ് സംതൃപ്തമാവണം. ഉള്ളം ആ ലഹരിയിൽ മുങ്ങണം. വിശ്വാസം ഒരാൾക്ക് പൂർണ മനസ്സംതൃപ്തി നൽകുന്നുവെങ്കിൽ താൻ അറിഞ്ഞ് തെരഞ്ഞെടുത്ത തീരുമാനമാണിതെന്ന പ്രഖ്യാപനമാണത്. ഉൾക്കണ്ണ് തുറന്ന് തന്റെ രേഖാചിത്രം കണ്ട് ബോധ്യപ്പെട്ടതിന്റെ അടയാളം! അതോടെ ഹൃദയം നിർമലമായി. മനസ്സു തൊട്ടറിഞ്ഞ തന്റെ നാഥൻ തോഴനായി. അവന്റെ ഇഷ്ടങ്ങൾ സ്വന്തം ഇഷ്ടങ്ങളായി. അവന്റെ കടാക്ഷത്തിനായി ജീവിതം സമർപ്പിക്കൽ എത്രയും എളുപ്പമായി. ഓമനത്തമുള്ള, നാം ഇഷ്ടപ്പെടുന്ന ഒരു കൊച്ചു കുഞ്ഞിന്റെ സ്നേഹം നേടാനായി എന്തെല്ലാം വേഷപ്പകർച്ചകൾ നാം ആടാറുണ്ട്! അപ്പോഴൊക്കെ അനുഭവിക്കാറ് ആകുലതയോ അതോ ആനന്ദമോ? ഈ തലത്തിലേക്ക് വിശ്വാസം ഉയരുമ്പോഴാണ് രുചിയറിഞ്ഞ് അത് ആസ്വദിക്കാനാവുക. പ്രവാചക വചനം ചൂണ്ടിക്കാട്ടുന്നതും അതത്രെ.

അല്ലാഹുവിനെ റബ്ബായി സ്വീകരിക്കാത്തവൻ എങ്ങനെയാണ് വിശ്വാസിയാവുക? അപ്പോൾ റബ്ബായി തൃപ്തിപ്പെടുക എന്നാൽ എന്തായിരിക്കും? പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ് അല്ലാഹു. അന്നദാതാവും നിയന്ത്രകനും കൈകാര്യകർത്താവും അവൻ തന്നെ. സർവപ്രപഞ്ചവും ചരിക്കുന്നത് അവന്റെ മാത്രം സംവിധാനത്തിലാണ്. സകലതും അറിയുന്നവനായി അവനല്ലാതെ ആരുമില്ല. അല്ലാഹു, ഏകനാണവൻ. അവന് ആരുടെയും ആശ്രയം ആവശ്യമില്ല, എന്നാൽ സകലർക്കും അവനെ അശ്രയിച്ചേ പറ്റൂ. ആദ്യവും അന്ത്യവും അവനോട് ചേരില്ല. അവനല്ലാത്തതിനൊക്കെ അതുണ്ട്, ഉണ്ടായേ മതിയാവൂ. കൂട്ടും കുടുംബവും അവനില്ല. അവന്റെ നിയന്ത്രണത്തിലാണ് പ്രപഞ്ചം. അവനാണ് ദൈവം. സർവാത്മനാ വഴിപ്പെട്ട് ആരാധിക്കപ്പെടാൻ, പ്രാർഥനകളും വഴിപാടുകളും അർപ്പിക്കപ്പെടാൻ, ഭയവും പ്രതീക്ഷയും വെച്ചു പുലർത്താൻ, ആകുലതകളും ആശങ്കകളും ഇറക്കിവെക്കാൻ സകല പ്രപഞ്ചത്തിനും അവൻ ഒരുവൻ മാത്രമേയുള്ളൂ. സൃഷ്ടികൾ അവന്റെ അടിമകളായതിനാൽ അവൻ നിശ്ചയിച്ച രീതിയും ക്രമവും അനുസരിച്ചാവണം അവരുടെ ജീവിതം. 'അവനാണ് അല്ലാഹു. രക്ഷകനായ നിങ്ങളുടെ നാഥൻ. അവനല്ലാതെ ദൈവമില്ല. സകല വസ്തുക്കളെയും സൃഷ്ടിച്ചവനാണവൻ. അവനു മാത്രം കീഴ്വണങ്ങുക. എല്ലാ കാര്യങ്ങളുടെയും കൈകാര്യകർത്താവ് അവനാണ്. കണ്ണുകൾ അവനെ കാണുകയില്ല. കണ്ണുകളെ അവൻ കാണുന്നു. സൂക്ഷ്മദൃക്കും സകലതും അറിയുന്നവനുമത്രെ അവൻ' (*അൽ അൻആം* 102, 103).

എപ്പോഴാണ് മനുഷ്യൻ ആ ദൈവിക സംതൃപ്തിയുടെ പടവ് കയറുന്നത് എന്ന് യഹ്‌യ ബ്നു മുആദിനോട് ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെയാണ്: ദൈവവുമായി നാല് തത്ത്വങ്ങൾ അടിസ്ഥാനമാക്കി ഇടപാടുകൾ നടത്തുമ്പോൾ: 'നീ നൽകുന്നതെന്തും എനിക്ക് സ്വീകാര്യം. നീ വിലക്കുന്നതിൽ എപ്പോഴും സംതൃപ്തൻ. നീ സ്വാതന്ത്ര്യം തരുമ്പോഴും നിനക്ക് കീഴ്പ്പെട്ടു ജീവിതം. നിന്റെ വിളിക്കുത്തരം ചെയ്യാൻ യാതൊരു ആലസ്യവുമില്ലാതെ എപ്പോഴും ഞാൻ ഹാജർ.' ഈയൊരു ബോധ്യത്തെ പ്രായോഗിക ജീവിതത്തിൽ നട്ടുനനച്ചു വളർത്താനുള്ള മാർഗമാണ് ഇസ്‌ലാമിനെ ജീവിതരീതിയും പ്രവാചകനെ ആ രീതിയുടെ നായകനുമായി മനസ്സംതൃപ്തിയോടെ തെരഞ്ഞെടുക്കൽ. അക്ഷരത്തെറ്റുകളില്ലാതെ ആ ജീവിതം സ്വന്തം ജീവിതത്തിലേക്ക് പകർത്തുമ്പോഴാണ് ഒരാൾ വിശ്വാസിയാകുന്നത്. പാരത്രിക മോക്ഷത്തിന് അർഹനും. 'എന്നാൽ സന്മാർഗം വ്യക്തമായി ബോധ്യപ്പെട്ട ശേഷം വല്ലവനും ദൈവദൂതനോട് വിഘടിക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നുവെങ്കിൽ, അവൻ സ്വയം തിരിഞ്ഞിടത്തേക്കുതന്നെ നാം അവനെ തിരിച്ചുവിടുകയും നരകാഗ്നിയിൽ എരിക്കുകയും ചെയ്യും. എത്ര ദുഷിച്ച താവളം!' (*അന്നിസാഅ്*: 115).

ദൈവവിശ്വാസത്തെ കുറിച്ച ഈ ഇസ്‌ലാമിക കാഴ്ചപ്പാട് അടിമേൽ മറിഞ്ഞ കാലമാണിത്. ഓരോരുത്തരും അവനവന്റെ ദൈവത്തെ സ്വയം നിർവചിക്കുന്നു. തന്റെ ഇഷ്ടം ദൈവത്തിനുമേൽ കെട്ടിയേൽപ്പിക്കുന്നു. തന്റെ അരുതായ്മകൾക്കു നേരെ ദൈവം കണ്ണടച്ചുകൊള്ളണം എന്ന് കട്ടായം പറയുന്നു. ചുരുക്കത്തിൽ താന്തോന്നിത്തരം ദൈവസ്ഥാനം കൈയടക്കുകയാണ്. ഉടമയായ ദൈവം അടിമയും, അടിമയായ മനുഷ്യൻ ഉടമയുമാവുകയാണ്. ഈ ദുരവസ്ഥ മാറണമെങ്കിൽ അല്ലാഹുവിന് സ്വീകാര്യമാവുന്ന ജീവിത വഴി ഇസ്‌ലാം മാത്രമേയുള്ളൂ എന്ന് ഉള്ളം തെളിഞ്ഞുറക്കണം. ആ ജീവിതവഴിയിൽ തെറ്റുപറ്റാത്ത മാതൃക പ്രവാചകൻ മാത്രമാണെന്ന് ഉറപ്പുള്ള തിരിച്ചറിവ് വേണം. അവിടുത്തെ വാക്കും കർമവും അനുധാവനം ചെയ്യണം. അവിടുന്ന് തന്ന അച്ചിലിട്ട് ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ സകലതും വാർത്തെടുക്കണം. അവിടം മുതലാണ് ഓരോ മുസ്‌ലിമും ഈമാൻ രുചിയറിഞ്ഞ് ആസ്വദിച്ചു തുടങ്ങുക.. ●